# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3897 24.08.2017-ൽ മറുപടിയ്ക്ക്

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പരിശീലനം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് പ്ലസ് ടുവിനു ശേഷം വിവിധ പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷാ പരിശീലനത്തിനും, സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനും, പി.എസ്.സി, യു.പി.എസ്.സി. വഴി ജോലിക്കുവേണ്ടിയുള്ള മൽസര പരീക്ഷകളുടെ പരിശീലനത്തിനും, പങ്കെടുക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | **പട്ടികജാതി വികസന വകുപ്പ്**<br>പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പ്ലസ് ടു പഠനത്തിനോടൊപ്പം വാരാന്ത്യ/അവധി ദിന മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനവും, മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് ക്രാഷ് കോഴ്സും ടി സെന്ററുകളിൽ നടത്തി വരുന്നുണ്ട്. ഇതിനുപുറമെ പ്ലസ് ടു പഠനം കഴിഞ്ഞ വിദ്യാർത്ഥികൾക്ക് 11 മാസം നീണ്ടു നിൽക്കുന്ന എൻട്രൻസ് പരീക്ഷാ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും $B^+$ൽ കുറയാത്ത മാർക്ക് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്ലസ് ടു പഠനത്തോടൊപ്പം മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷകൾക്ക് ദീർഘകാല കോച്ചിംഗ് നേടുന്നതിന് ഗ്രാന്റ് അനുവദിച്ചു വരുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു വർഷത്തേക്ക് 10,000/രൂപ വീതം രണ്ടു വർഷത്തേയ്ക്കും കൂടി പരമാവധി 20,000/രൂപ അനുവദിക്കുന്ന പദ്ധതിയാണിത്.<br>പി.എസ്.സി, യു.പി.എസ്.സി, ആർ.ആർ.ബി, എസ്.എസ്.സി ഉടങ്ങി സംസ്ഥാന/ കേന്ദ്രസർക്കാർ സർവ്വീസുകളിൽ ജോലി നേടുന്നതിനുള്ള മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പ്രാപ്തരാക്കുന്ന പരിശീലനം നൽകി വരുന്നു. പട്ടികജാതി വികസന വകുപ്പിന് കീഴിൽ മണ്ണന്തല ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന ICSETS ൽ പട്ടികജാതി |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് എഴുതുന്നതിനുള്ള പരിശീലനം നൽകി വരുന്നു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br>**<u>പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷാ പരിശീലനം</u>**<br>സയൻസ് വിഷയമെടുത്ത് പഠിച്ച് +2/ വി.എച്ച്.എസ്.ഇ. പരീക്ഷ പാസായ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് NEET/KEAM എന്നീ പൊതു പ്രവേശന പരീക്ഷയ്ക്കു മുമ്പായി പരിശീലനം നൽകി പ്രൊഫ ഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു വർഷത്തെ പരിശീലനം, ഒരു മാസത്തെ ക്രാഷ് കോഴ്സ് എന്നിവ നൽകി വരുന്നു.<br>**<u>സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം</u>**<br>പട്ടികവർഗ്ഗ വിദ്യാർത്ഥികൾ സമർപ്പിക്കുന്ന സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിനായുള്ള അപേക്ഷയിന്മേൽ സർക്കാരിന്റെ പ്രത്യേക അനുമതി വാങ്ങി ധനസഹായം അനുവദിക്കുന്നു. |
| (ബി) | ഇങ്ങനെയുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്ന കുട്ടികൾക്കായി താമസസൗകര്യമുൾപ്പെടെ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | പി.ഇ.ടി.സി.കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാചെലവുൾപ്പെടെയുള്ള ചെലവുകൾക്കായി 400 രൂപ വീതം പ്രതിമാസം സ്റ്റൈപ്പന്റ് അനുവദിച്ച് നൽകുന്നുണ്ട്. കൂടാതെ ഓരോ കോഴ്സിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബുക്ക്, റാങ്ക് ഫയൽ, ചോദ്യ കടലാസ്സുകൾ തുടങ്ങിയ പഠനസാമഗ്രികൾ സൗജന്യമായി നൽകി വരുന്നുണ്ട്.<br>പട്ടികവർഗ്ഗ വകുപ്പ് മുഖേന നൽകി വരുന്ന പൊതു പരീക്ഷാ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് താമസം, ഭക്ഷണം, യാത്രാബത്ത, സ്റ്റഡീമെറ്റീരിയൽസ്. ഒരു നിശ്ചിത തുകയുടെ പോക്കറ്റ്മണി, എൻട്രൻസ് പരീക്ഷ, അപേക്ഷകൾ സംബന്ധിച്ച ചെലവുകൾ എന്നിവ അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ